

പിന്നിട്ട വഴിത്താരയിലൂടെ ഒരു
യാത്ര


"Words are, in my not-so-humble opinion, our most inexhaustible source of magic."
J.K. Rowling
Harry Potter And The Deathly Hallows
SweatpantsAndCoffee.com



# ആശംസ

9B ക്ലാസിൽ തയ്യാറാക്കുന്ന "പിന്നിട്ട വഴിത്താരയിലൂടെ ഒരു യാത്ര" എന്ന ഡിജിറ്റൽ മാഗസീൻ- എന്തു കൊണ്ടും കുട്ടികളുടെ രചനാവൈഭവം പുറത്തു കൊണ്ടുവരാനും ആശയ പ്രകടനം തൂലികയിലൂടെ പുറം ലോകം അറിയാനും അതുവഴി വിദ്യാർത്ഥികൾക്ക് ഒരു നല്ല കഴിവുള്ള കവിഭാവനയുള്ള ദേശസ്നേഹിയായ മാനവികത ഉൾകൊള്ളുന്ന വ്യക്തിയാവാൻ സാധിക്കുമാറാകട്ടെ എന്നാശംസകളോടെ


നിയാസ് ചോല

ഹെഡ്മാസ്റ്റർ

FMHSS KOOMBARA

# ആശംസ




എൻ്റെ കുട്ടികളുടെ സർഗ്ഗാത്മക രചനകൾ വിവിധ വർണ്ണങ്ങളിൽ മധുരമൂറുന്ന വാക്കുകളായി,വർണ്ണങ്ങളായിഈ ഡിജിറ്റൽ മാഗസിൻ്റെ ഓരോ താളുകളിലും നിറഞ്ഞുനിൽക്കുന്നു.എഴുത്തിൻ്റെ ചിന്തകളുടെ,ചിത്രങ്ങളുടെ അനന്തമായ ലോകത്തേക്ക് പറന്നുയരാൻ ദൈവം എൻ്റെ മക്കളെ അനുഗ്രഹിക്കട്ടെ

സ്നേഹത്തോടെ
റിജൂല ടീച്ചർ

# ആശംസ



എന്റെ പ്രിയപ്പെട്ട സഹപാഠികളെ

നിങ്ങളുടെ രചനകളെല്ലാം കോർത്തിണക്കിയ ഈ ഡിജിറ്റൽ മാഗസീനിലൂടെ നിങ്ങളുടെ ഉള്ളിൽ ഉറങ്ങിക്കിടന്നിരുന്ന സാഹിത്യകാരൻ മാരുടെയും,ചിത്രകാരൻമാരുടെയും പുതിയൊരു ഉയിർത്തെഴുന്നേൽക്കലാണല്ലോ ഉണ്ടായത്.ഇനിയും ഒട്ടനവധി അവസരങ്ങൾ നിങ്ങളെ തേടിയെത്തട്ടെ എന്നു ആശംസിക്കുന്നു.

സ്നേഹത്തോടെ

ആദിൽCA,ക്ലാസ് ലീഡർ 9B

# എഡിറ്റോറിയൽ അംഗങ്ങൾ



MUHAMMED NABEEL A
STUDENT EDITOR



NISANATH VM



ANUGRAHA JOSE
Cheef editor



SHALUMON K



ALPHONCE MARIYA

# ഉള്ളടക്കം


- ഞങ്ങളുടെ കലാലയജീവിതത്തെക്കുറിച്ച്
- ഞങ്ങളുടെ പഠനമുറി
- മാറുന്ന മനസ്സുകള്
- പൊറുക്കില്ല മകനേ....
- Why is teacher’s day important?
- ആ കുട്ടിയെവിടെ?
- ബെസ്റ്റ് ഫ്രണ്ട്സ്
- ഗുരു
- കാറ്റിന്റെ ഈണം
- ഇരുണ്ട നാട്ടിലെ വെളുത്ത നഗരം.
- പടിയിറങ്ങും മുമ്പേ...
- ചിത്രങ്ങൾ

# ഞങ്ങളുടെ കലാലയജീവിതത്തെക്കുറിച്ച്...

ക്കുമ്പൻ പാറകളുടെ നാടെന്നറിയപ്പെടുന്ന കൂമ്പാറയുടെ യശ്ശസുയർത്തി നിൽക്കുന്ന ഞങ്ങളുടെ ഫാത്തിമാബി മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂള് ഞങ്ങൾക്കെന്നും അഭിമാനകരമാണ് .2015-ജൂൺ1 ഞങ്ങളുടെ കലാലയജീവിതത്തിൻെ ആദ്യപടി ഞങ്ങൾ താണ്ടിയ ദിവസം.അന്നു മുതൽ ഇന്നുവരെ ഞങ്ങൾ ഒരേ മനസ്സായിരുന്നു.ഈ കലാലയജീവിതത്തിലൂടെനീളം ഞങ്ങളുടെ താങ്ങും തണലുമായി വർത്തിച്ച ഗുരുഭൂതരായിരുന്നു ഞങ്ങളുടെ ഉത്തമമാതൃകകൾ.അന്നു മുതൽ ഇന്നുവരെ ഞങ്ങൾ താണ്ടിയ പാതകളുടെ വെളിച്ചമായി നിന്നത് ഇവരായിരുന്നു.

ഭൂഗോളത്തിൻെ സ്പന്ദനങ്ങൾ നിയന്ത്രിക്കുന്ന കണക്കു പഠിപ്പിച്ചിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട വൽസമ്മടീച്ചറും ബാബുമാഷും വിടപറഞ്ഞപറഞ്ഞപ്പോൾ അവർ പറിച്ചുകൊണ്ടുപോയത് ഞങ്ങളുടെ മനസ്സുകളായിരുന്നു.അറബിയുടെ ആദ്യാക്ഷരം പകർന്നു തന്ന മമ്മൂട്ടിസാറും ഹിന്ദി പകർന്നു നൽകിയ ഇന്ദിരടീച്ചറെയും ഞങ്ങളുടെ ഉള്ളിൽ നിന്നും ഒരിക്കലും മറക്കില്ല.ഒന്നും നോക്കാതെ ബെല്ലടിക്കുമ്പളെ പിടി തരുന്ന സുമേഷ് സാറും എല്ലാവരും ഞങ്ങളുടെ ഉള്ളിൽ വിതച്ചത് സന്തോഷത്തിൻെ നാമ്പുകളായിരുന്നു.

ഞങ്ങൾ ഹൈസ്കൂളിലേക്ക് ചുവടെടുത്ത് വെച്ചപ്പോൾ ഞങ്ങളെ ഭാഗികമായി വിട്ടുപിരിഞ്ഞ ഞങ്ങളുടെ യു പി അദ്ധ്യാപകർ എല്ലാവരും ഞങ്ങൾക്കൊരു മാർഗ്ഗദീപമായിരുന്നു.പിന്നീടുള്ള വഴികളിലും ആ ദീപം ഒരു കെടാവിളക്കായി ഞങ്ങൾക്കുള്ളിൽ ജ്വലിച്ചുനിൽക്കുന്നു.

ഇവരെല്ലാവരും ജ്വലിക്കുന്ന ഒരു ചിരാതായി എന്നും ഞങ്ങളുടെ മനസ്സില് ഉണ്ടായിരിക്കും.

മറക്കില്ലൊരിക്കലും.........




-അനുഗ്രഹജോസ്,അൽഫോൻസ് മരിയ




# ഞങ്ങളുടെ പഠനമുറി

2019-20വർഷത്തെ ബാച്ചായ ഞങ്ങൾ ആദ്യമായി കണ്ടുമുട്ടിയത് ജൂൺ6- നായിരുന്നു.(a+b)2പഠിപ്പിക്കുന്ന ബീനടീച്ചറും,വരാന്തയിലൂടെ വടിയുമായി ഉലാത്തുന്ന റിയാസ് സാറും,ചരിത്രത്തിൻെറ നാൾവഴിയിലൂടെ ഞങ്ങളെ നടത്തുന്ന ഗീതടീച്ചറും,രാഷ്ട്രഭാഷ പഠിപ്പിക്കുന്ന മുഹമ്മദലി സാറും,ബെല്ലടിക്കുന്നതിനു മുൻപ് ക്ലാസിലെത്തുന്ന കവിത ടീച്ചറും,ഞങ്ങളുടെ സ്കൂളിനെ100% വിജയത്തിലേക്കെത്തിക്കാൻ രാപ്പകൽ പ്രയതിക്കുന്ന നാസർ സാറും,പാണിനിയുടെ വ്യാകരണങ്ങൾ പഠിപ്പിക്കുന്ന ചന്ദ്രൻ മാഷും,അറബിയുടെ ആദ്യാക്ഷരങ്ങൾ ഞങ്ങൾക്കു നുകർന്നു നൽകുന്ന മറിയ ടീച്ചറും,കയ്യേറിയ വാക്കുകൾ പഞ്ചാസാരരൂപേണ ഞങ്ങളിലേക്കെത്തിക്കുന്ന ഉറുദു ടീച്ചറും,ശരീര ഭാഗങ്ങളെ തമാശ രൂപേണ ഞങ്ങളിലേത്തിക്കുന്ന ഹാഷിംകുട്ടി സാറും രാസപ്രവർത്തനത്തെ ക്ലാസ്പ്രവർത്തനങ്ങളിലൂടെ ഞങ്ങളുടെ ഉള്ളിലേക്ക് പകർത്തിയ റുഖിയ ടീച്ചറും itപ്രാക്ടിക്കലിന് ഞങ്ങളെ മാടിവിളിക്കുന്ന ഞങ്ങളുടെ സലീം സാർ,തന്ത്രങ്ങളുടെ താളിയോലകെട്ടുമായ് പേപ്പറുകൊണ്ട് മായാജാലം തീർക്കുന്ന ഞങ്ങളുടെ ജെസ്സിടീച്ചറും,പഠനം പാൽപ്പായസ രൂപത്തിൽഞങ്ങളിലേക്ക് എത്തിക്കുന്ന ഞങ്ങളുടെ കലാലയത്തിൻെറ നാഥനായ നിയാസ് ചോല സാറും ഇതിലെല്ലാമുപരി വാൽസല്യനിധിയും നല്ലൊരു സംഗീതജ്ഞയും സ്വന്തം മക്കളെ പോലെ ഞങ്ങളെ കൊണ്ടുനടക്കുന്ന ഞങ്ങളുടെ സ്വന്തം റിജുല ടീച്ചറുമാണ് ഞങ്ങളുടെ മാർഗദീപം.ഇതിനെല്ലാം സഹകരിച്ച് നിന്ന 9Bക്ലാസ് വിദ്യാർത്ഥികൾ റിഞ്ജുല ടീച്ചറുടെ കൂട്ടിൽ വളർന്ന സിംഹകുട്ടികള്



-മുഹമ്മദ് നബീൽ





# മാറുന്ന മനസ്സുകൾ

പച്ച പുതച്ചുറങ്ങേണ്ട ഗ്രാമത്തെ
കളകളം ഒഴുകേണ്ട ആറിനെ
സുഖസുഷുപ്തിയില് ആറാടി മനുഷ്യർ
പൂരപ്പറമ്പ് പോല് മാലിന്യമാക്കുന്നു

പെറ്റുപെരുകുന്ന കൊതുകിതരകീടങ്ങള്
മർത്യനെ തന്നെ തിരിഞ്ഞു കടിക്കുന്നു
പടർന്നു പിടിക്കുന്ന പനിയും വിറയലും
കുമിഞ്ഞുനിറയുന്ന ആതുരാലയങ്ങളും
നിത്യകാഴ്ച്ചയായ് മാറുന്ന കാലത്തും
നിത്യമായിതുടരുന്നു ഈ വിധം അക്രമം

ഇവിടെയും നന്മകൊതിക്കുന്ന ഹൃദയങ്ങള്
പച്ചപ്പ് വറ്റാത്ത നല്ല മനസ്സുകള്
തൈ നട്ട് വെള്ളം ഒഴിച്ചുനാടിനെ
സംശുദ്ധമാക്കാന് ശ്രമിച്ചീടുന്നു
നാളേക്ക് വേണ്ടി നന്മക്ക് വേണ്ടി
സ്വാഗതം ചെയ്തിടാം ഇത്തരം ചെയ്തികള്

-ഫാത്തിമ ജാസ്മിന് PK




അമ്മതൻ കൊച്ചുകണ്ണിൽ
നിന്നും ചുടുചോര ചിന്തുന്നു....
ആ നിറകണ്ണിൽ നിന്നും
ചുടുചോര ചിന്തുന്നു....
ഓർക്കുക മർത്യാ! ഈ ചോരക്കുപിന്നിൽ
നിൻ കരികരങ്ങൾ മാത്രം...
നിൻ കരികരങ്ങൾ മാത്രം...
തൻ അമ്മതൻ കൈകാലുകൾ
വെട്ടിമുറിച്ചാനന്ദിച്ച നിന്നോടവൾ
പൊറുക്കില്ല മകനേ...
പൊറുക്കില്ലൊരിക്കലും...
പാല് പകർന്ന കരങ്ങളിൽ
അന്നം തന്ന കരങ്ങളിൽ
കൊത്തിവിഷമേൽപ്പിച്ച
വിഷസർപ്പമാണു നീ...
ഒരു പ്രതികാര ദാഹിയാം
പ്രേതമെന്നപോൽ നിൻ ജീവനിൽ
അവൾ കടന്നുവരുമ അവൾ കടന്നുവരും...
ഓർക്കുക മർത്യാ!നിന്നോടവൾ പൊറുക്കില്ല
നിന്നോടവൾ പൊറുക്കില്ല മകനേ.....

–അനുഗ്രഹ ജോസ്




# Why is teacher’s day important?

A teacher’s day role goes far beyond just teaching.Teachers help to shape the character to future generations,and also guide them towards there destiny.
To acknowledge,the contributions to society made by teachers,Teacher’s day is celebrated throughout the world. The actual date varies from country to country-in India,it is observed on 5th September,the birthday of Dr.sarvapalli Radakrishnan,who was a prominent thinker and educator,and who later become the president of India Schools celebrate Teacher’s  Day in different ways-but all of them have a common message -”Thank you ,dear teachers!’’

-tell me why?




പ്രിയ സുഹൃത്തുക്കളെ..

നമ്മുടെ ഭാരതത്തിൽ ഇപ്പോൾ ലളർന്നു പെരുകുന്ന ഒരു പ്രശ്നമാണ് ദാരിദ്രം.2015-ലെ കണക്കുകൾ പ്രകാരം 702 ദശലക്ഷം മനുഷ്യർ ലോകത്ത് ദരിദ്രരാണ്.ആസൂത്രണ കമ്മീഷന്റെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 22% ജനങ്ങൾ ദരിദ്രത്തിന്റെ കഷ്ടതകൾ അനുഭവിക്കുന്നവരാണ്.

പണത്തിന്റെ പേരിൽ തമ്മിൽ തല്ലിയും കൊന്നും വെട്ടിച്ചും ജീവിക്കുന്നവർ ഒന്നോർക്കുക ഭിക്ഷയാചിച്ചു കിട്ടുന്ന ഒരുണ കൊണ്ട് സന്തോഷത്തോടെ ജീവിക്കുന്നവർ നമ്മുക്കു ചുറ്റുമുണ്ട്.

1993-മാർച്ച്-26-ന് 'ന്യൂയോർക്ക് ടൈംസ്' പ്രസിദ്ധീകരിച്ച ഒരു ചിത്രം നിങ്ങൾക്കേവർക്കും പരിചിതമാണല്ലോ?ആഫ്രിക്കൻ രാജ്യമായ സുഡാന്റെ തെക്കൻ പ്രദേശത്ത് പട്ടിണിമൂലം വിശന്നുവീണ കുട്ടിയും കുട്ടിയെ ഭക്ഷണമാക്കാൻ കാത്തു നിൽക്കുന്ന കഴുകനുമാണ് ഈ ചിത്രത്തിലുള്ളത്.

കെവിൻ കാർട്ടർ എന്ന വിഖ്യാതഫോട്ടോഗ്രാഫറാണ് ഈ ചിത്രം പകർത്തിയത്.ആ ഒറ്റ ചിത്രം കൊണ്ട് അദ്ദേഹം ലോകപ്രശസ്തനായി.ഒരു ദിവസം അദ്ദേഹത്തെ അഭിമുഖീകരിക്കുവാൻ വന്നഏതാനും മീഡിയാക്കാരിൽനിന്നും ഒരു ചോദ്യമുയർന്നു.സർ!ആ കുട്ടിയെവിടെ?

അപ്പോഴാണ് അദ്ദേഹം ആ കുട്ടിയെക്കുറിച്ച് ഓർത്തത്.വിശന്നു മരിക്കാറായ ആ കുട്ടിയെ താനൊന്ന് തിരിഞ്ഞു നോക്കിയതു പോലുമില്ല എന്ന് അദ്ദേഹത്തിന് മനസ്സിലായി..ഒടുങ്ങാത്ത കുറ്റബോധമ വേട്ടയാടിയ അദ്ദേഹം ഒരു മുഴം കയറിൽ തന്റെ ജീവൻ വെടിഞ്ഞു...........

ഇതുപോലെതന്നെയാണ് നാമും നമ്മുക്കു ചുറ്റും എത്രയോ കുട്ടികൾ,സ്ത്രീകള് ,വൃദ്ധജനങ്ങൾ പട്ടിണി മൂലം വിശന്നു മരിക്കുന്നു.എന്നാൽ നാം ഇവിടെ തിന്നും കുടിച്ചു ഉല്ലസിക്കുന്നു.ഒരു പറ്റ് ചോറ് കളയുമ്പോൾ ആ കുട്ടിയുടെ മുഖം മനസ്സിലോർക്കുക..പിന്നെ കളയാൻ തോന്നില്ല.........



# ബെസ്റ്റ് ഫ്രണ്ട്സ്

"ഈ കുട്ടിയുടെ സ്ഥിതി വളരെ മെച്ചപ്പെട്ടിട്ടുണ്ട്".ഇതു കേട്ടാണ് SI കുരുവിള ആശുപത്രി കസേരയിൽ നിന്നും എഴുന്നേറ്റത്.ICU-വിൽ കിടക്കുന്ന ആ കുട്ടി ആരാണെന്നോ എന്താണെന്നോ അയാൾ-ക്കറിയില്ലായിരുന്നു.പക്ഷെ ഒന്നുമാത്രം അയാൾക്കറിയാം.താനന്വേഷിക്കുന്ന റോസ് മേരി വധക്കേസിൽ തനിക്ക് സുപ്രദാന വഴിത്തിരിവ് നൽകുവാൻ പോകുന്ന ദൃക്സാക്ഷിയാണവൾ.

മധ്യവയസ്കനായ ആ പോലീസുകാരൻ ICU-വിൻ്റെ വാതിൽ തുറന്ന് മെല്ലെ അകത്തേക്ക്കയറി.അവൾ ആശുപത്രിയിൽ കിടക്കുമ്പോഴും തൻ്റെ ഡയറി മാറോടടക്കി പിടിച്ചിരുന്നു.അയാൾ ഏറെ പണിപ്പെട്ടാണ് അതെടുത്തത്.അതിൻ്റെ ആദ്യത്തെ പേജുകൾ പിന്നിട്ടപ്പോൾ അതിൽ അവളുടെ പേര് മനോഹരമായി എഴുതിയിരുന്നു.അയാൾ അത് പതിഞ്ഞ സ്വരത്തിൽ വായിച്ചു."ജ്യോതി."അപ്പോഴേക്കും അവൾ കണ്ണു തുറന്നു.SI കുരുവിള അവളോട് ചോദിച്ചു നിൻ്റെ കൂട്ടുകാരിയായിരുന്ന റോസ് മേരിയുടെ വധവുമായി ബന്ധപ്പെട്ടാണ് ഞാൻ വന്നിരിക്കുന്നത്.നിനക്കവളെക്കുറിച്ച് അറിയാവുന്നതെല്ലാം എന്നോട് പറഞ്ഞോളൂ.

ജ്യോതി മെല്ലെ പറഞ്ഞുതുടങ്ങി.ഞാൻ ഡിഗ്രി ഫൈനൽ ഇയറിന് പഠിക്കുമ്പോഴാണ് അവൾ ഞങ്ങളുടെ കോളേജിലേക്ക് വന്നത്.തുടക്കത്തിൽ അവൾ ആരോടും മിണ്ടില്ലായിരുന്നു ഇടക്കിടക്ക് ഓവൾ കരയുമായിരുന്നു.അവളുടെ ഉള്ളിൽ എന്തോ വിശമമുണ്ടെന്ന് എനിക്ക് തോന്നിയിരുന്നു.പിന്നെ പിന്നെ ഞങ്ങൾ കൂട്ടുകാരായി.പക്ഷ ഞാനെത്ര ചോദിച്ചിട്ടും ആ കാര്യം മാത്രം എന്നോ പറഞ്ഞില്ല.പക്ഷെഒരു ദിവസം അവൾ എന്നോട് പറഞ്ഞു.കുരുവിള ജ്യോതിയോട് ചോദിച്ചു എന്താണാ കാര്യം?

റോസിൻെറ അച്ഛൻ ആ നാട്ടിലെ തന്നെ നാട്ടുപ്രമാണിയും സമൂഹത്തിൽ ഉയർന്ന സ്ഥാനം അലകരിച്ചിരുന്ന ആളുമായിരുന്നു.എന്നാൽ അദ്ദേഹത്തിൻെറ അനിയനായ ഗീവർഗ്ഗീസിനും അയാളുടെ മകൻ ആൽഫ്രിഡിനും ജോസഫിൻെറ വളർച്ചയിൽ അസൂയ ഉണ്ടായിരുന്നു.ജോസഫിനെയും റോസിനെയും കൊലപ്പെടുത്തി അവരുടെ സ്വത്തുക്കൾ കൈകലാക്കാനായിരുന്നു അവരുടെ തീരുമാനം.ഇതറിഞ്ഞാണ് ജോസഫ് തൻെറ മകളെ നാട്ടിൽ നിന്നും ഹോസ്റ്റൽ സൗകര്യമുള്ള ഞങ്ങളുടെ കോളേജിൽ ചേർത്തത്.തൻെറ അപ്പച്ചനെ അവർ വധിക്കുമെന്ന് അവൾ ഭയപ്പെട്ടിരുന്നു അതുപോലെ തന്നെ തന്നെയും കൊലപ്പെടുത്തി സ്വത്തു വകകളെല്ലാം കൈകലാക്കുമെന്നും അവൾക്കറിയാമായിരുന്നു.അന്നു രാത്രി ആ വാർത്തയുമെത്തി.അവളുടെ അപ്പച്ഛൻ കൊലപ്പെട്ടിരിക്കുന്നു.അന്നു തന്നെയാണ് റോസിനെയും അവർ...........തടുക്കാൻ ചെന്ന എന്നെയും അവർ വെറുതെ വിട്ടില്ല.ഇതു പറഞ്ഞപ്പോൾ അവളുടെ കണ്ണീൽ നിന്നും കണ്ണീർ പൊഴിയുന്നത് അയാൾക്ക് കാണാമായിരുന്നു.അയാൾചോദിച്ചു."ആരാണ് റോസ് മേരിയെ വധിച്ചത്"? അപ്പോഴേക്കും അവളുടെ ദേഹത്തും അവൻ കത്തികുത്തിയിറക്കി രക്ഷപ്പെട്ടിരുന്നു.അയാൾ വീണ്ടും തൻെറ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു.

ജ്യോതി തൻെറ പതിഞ്ഞ സ്വരത്തിൽ അയാളോട്ടു മന്ത്രിച്ചു ആ..ൽ..ഫ്രെ..ഡ്.........

പുറത്തുകാത്തിരുന്ന പോലീസുകാർ ആ ചെറുപ്പക്കാരനെ പിടികൂടി.ആൽഫ്രെഡിനും ഗീവർഗ്ഗീസിനും ഏറ്റവും കടുത്ത ശിക്ഷ വാങ്ങികൊടുത്തതിനു ശേഷം SI കുരുവിള തൻെറ പോലീസ് കരിയറിലെ അവസാനത്തെ കേസും ശരിയായി തെളിയിച്ചതിൻെറ ആത്മനിർവൃതിയിൽ കോടതിയുടെ പടികൾ ഇറങ്ങി.

-അൽഫോൻസ് മരിയ

# ഗുരു

സ്നേഹം നിറഞ്ഞൊരാ വാക്കുകള്
എന്നുള്ളം കുളിർന്നീടുന്നു....
ആത്മാവിലാരോ ചൊല്ലിടുന്നു...
നിന് സൗഭാഗ്യമാണിവർ
എന് ഉള്ളില് സകടമുണ്ടെന്നാല്
തീർത്തിടുമെന് ദേവത..
അമ്മയായ് ദേവിയായ്
ഉള്ളം കുളിർത്തീടും
ആ മഹാവ്യക്തി
ഇതൊരു സ്വപ്നമാണിന്നെനിക്ക്
എന്നെനിക്ക് തോന്നിപ്പോകുന്നൊരാ
നിമിഷം........
സ്നേഹം നുകർന്നീടുന്നൊരാ
ദൈവത്തിനെൻ നന്ദി...
നന്ദി........നന്ദി...........

അശ്വതി **PK**



# ഇരുണ്ട നാട്ടിലെ വെളുത്ത നഗരം




-അൽഫോൻസ് മരിയ

ഇരുണ്ട നാട് എന്ന് വിശേഷിപ്പിക്കുന്ന ആഫ്രിക്കയിലെ വെളുത്ത നഗരമാണ് വിക്ടോറിയ വെള്ളച്ചാട്ടം.വിക്ടോറിയ രാജ്ഞിയുടെ പേരു പോലെതന്നെ രാജകീയമായ പ്രൗഢിയോടെ പരന്നൊഴുകുന്ന ഒരു പ്രകൃതിപ്രതിഭാസം. ഇതാണ് വിക്ടോറിയ ജലപാതം.

രണ്ട് രാജ്യങ്ങൾ തമ്മിൽ യുദ്ധങ്ങൾ നടക്കുന്ന ഇക്കാലത്ത് സ്നേഹത്തിൻെയും സാഹോദര്യത്തിൻെയും വെന്നിക്കൊടി പാറിക്കുകയാണ് വിക്ടോറിയ വെള്ളച്ചാട്ടം.വിക്ടോറിയയുടെ സൗന്ദര്യം ആസ്വദിക്കാൻ വരുന്ന

സഞ്ചാരികളുടെ മനസ്സിൽ ഭീതിയുടെയും അത്ഭുതത്തിൻെയും വികാരങ്ങൾ ഒരുപോലെ തുന്നിച്ചേർക്കപ്പെടുന്നു. സകടത്താൽ വലഞ്ഞിരിക്കുന്നവരെ സന്തോഷത്തിലേക്ക് നയിക്കുകയും അന്തർമുഖരെ ധ്യാനത്തിലേക്കു നയിക്കുകയും ചെയ്യുന്ന പ്രകൃതി പ്രതിഭാസമാണ് വിക്ടോറിയ ജലപാത.വിക്ടോറിയയുടെ ജലപാളി താഴേക്ക് വീഴുമ്പോൾ ഉണ്ടാകുന്ന പുക നമ്മുടെ മനസ്സിൽ സ്വർഗത്തിൻ പ്രതീതി നിലനിർത്തുന്നു.

മനുഷ്യ മനസ്സുകളെ ഏകാഗ്രതയിലേക്കും സമാധാനത്തിലേക്കും നയിക്കുകയാണ് ഇത്തരം പ്രകൃതി മനോഹാരിതകൾ.





കാറ്റിൻ താളത്തിൽ
ഒഴുകി വന്നിട്ടും പൂക്കൾ തൻ
സൗന്ദര്യസുഗന്ധ ദീപം
നുകർന്നിട്ടുമെന്നുള്ളിൽ
സൗരതാപനത്തിൻ ഗീതങ്ങളായ്
കാറ്റിന്റെ താളത്തിൽ
വൃക്ഷങ്ങൾ തൻ മന്ദഹാസം പൊഴിച്ചിടുന്നു...
അതിന് ഉന്മാതം നൽകുവാൻ
സ്നേഹമോടെത്തുന്ന പൊൻകിളികൾ
ആരാരും കാണാതെ എന്നുള്ളിൽ
എത്തിടുന്നു..............
സൗദര്യം തൻ കുളിർക്കാറ്റ്
സ്നേഹം തരുന്നിതാ........
കാറ്റ് എന്നെ തഴുകി
കുളിർനയേകി കടന്നുപോയി....
എന്നുള്ളിൽ അനുരാഗം തന്നെ
ഉണർന്നു സൗദര്യമാലേ സുഗന്ധമാലെ

അശ്വതി PK

# പടിയിറങ്ങും മുമ്പേ..

ഈ വിദ്യാലയത്തിന് പടിയിറങ്ങുന്നേരം
ഉണ്ടെനിക്ക് ഒരുപാട് കഥകള് ചൊല്ലാന്
വേദനിച്ചൊരുപാട് കുഞ്ഞു മനസ്സുകള്ക്ക്
വേണം എനിക്കൊരു മാപ്പ നല്കാന്
സന്തോഷത്തിന് നാള് ഓര്ത്തു കഴിഞ്ഞൊരാ
ക്ലാസ് മുറി എന്നും ഓര്മ്മയായി....
മലയാളമെന്ന നാലക്ഷരമെൻ
ഹൃദയത്തില് പകര്തിതിയ ഗുരുക്കന്മാരും
ഓര്ക്കുന്നു.... ഓര്ക്കുന്നു......
ഒരുപാട് കാലങ്ങള് വിദ്യാലയമെന്ന
ഈ പഠനശാലയെ...................





MUSHRIFA BINSIYA,JANNATHUL NUSRIN
KADEEJA MISAJ

# ചിത്രങ്ങളുടെ ലോകം



-ANUGRAHA JOSE




-NISANATH VM




-ANUGRAHA JOSE


--AJNA SHERI




Anagha M



-AJNA SHERIN



-NISANATH VM




Anugraha S
IX th B


-AJNA SHERIN




HANANA SINA



-AJNA SHERIN



Flower's
HANANA SINA

AllQouts
WWW.ALLQUOTESICON.COM



നിങ്ങൾക്ക് ഒരു
സൂര്യനെപ്പോലെ
തിളങ്ങണമെങ്കിൽ,
ആദ്യം സൂര്യനെപ്പോൽ
കത്തിജ്വലിക്കുക..

AllQouts
www.AllQuotesIcon.com


ഒരു ജാതി ഒരു മതം
ഒരു ദൈവം മനുഷ്യന്



whykol.com
കുഞ്ഞുങ്ങളും പൂക്കളും മൃദുലവും നിർമ്മലവുമാണ്,
അവയെ മൃദുവായി വേണം കൈകാര്യം ചെയ്യാൻ..



മറ്റുള്ളവർ നിങ്ങൾക്ക് നേരെ
കല്ലെറിയുന്നെങ്കിൽ,
നിങ്ങൾ അവയെ
നാഴികക്കല്ലുകളാക്കി മാറ്റുക..
-സച്ചിൻ

ജീവിതത്തിൽ വിജയം
നേടുന്നവരെല്ലാം പ്രത്യേക
കഴിവുള്ളവരായിരിക്കണമെന്നില്ല
ചിലരെങ്കിലും ജന്മനാ
കഴിവുള്ളവരാകും അവർ..
എന്നാൽ സ്ഥിരോത്സാഹവും
കഠിനാധ്വാനവും അവരെ
ആത്യന്തികവിജയത്തിലേക്ക്
നയിക്കുന്നു..




"Sometimes we think too much and feel too little"
- Charlie Chaplin
The Great Dictator


ഉദ്ദേശവും ലക്ഷ്യവുമില്ലാത്ത
പരിശ്രമവും ധൈര്യവും
അപൂർണ്ണമാണ്.



JOHN F KENNEDY


"You cannot hope to build
a better world without improving
the individuals. To that end,
each of us must work
for our own improvement."
Marie Curie
Goalcast


നിങ്ങൾക്ക് പറക്കാൻ
കഴിയില്ലെങ്കിൽ ഓടുക,
ഓടാൻ കഴിയില്ലെങ്കിൽ നടക്കുക,
നടക്കാൻ കഴിയില്ലെങ്കിൽ ഇഴയുക,
പക്ഷേ ചെയ്യുന്നത്
എന്തുതന്നെയായാലും
മുന്നോട്ട് തന്നെ നീങ്ങുക..


പരാജയമെന്നത് നിങ്ങൾക്ക്
കൂടുതൽ കരുത്തോടെ
തിരിച്ചുവരാനുള്ള അവസരമാണ്..
www.AllQuotesIcon.com


പ്രയത്നത്തിലാണ്,
ലക്ഷ്യപ്രാപ്തിയിലല്ല
സംതൃപ്തി ഉണ്ടാകുന്നത്..
സമ്പൂർണ്ണ പ്രയത്നം
സമ്പൂർണ്ണ വിജയമാകുന്നു!


ഇവിടെ പൂർത്തിയാകുന്നു.
സ്വപ്നങ്ങൾക്ക നിറം ചാർത്തികൊണ്ട് ഞങ്ങൾ
കൊച്ചുകൂട്ടുകാർ നിർമ്മിച്ച ഈ ഡിജിറ്റൽ മാഗസീന്
9TH B STUDENTS